# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 14**

---

**എം.ജി സർവകലാശാലയിലെ കോളജുകളിൽ**
**എൻ.എസ്.എസിന്റെ പുതിയ പദ്ധതി**

## കാലത്തിന്റെ അകലമില്ലാതെ സഫയർ ക്ലബുകളിൽ മുതിർന്നവരും വിദ്യാർഥികളും ഒന്നാകും

മുതിർന്നവരുടെ അറിവും അനുഭവ പിരിചയവും വിദ്യാർഥികളുടെ ഊർജ്ജസ്വലതയും ഒത്തുചേരുന്ന വേദിയായി മഹാത്മാ ഗാന്ധിസർവകലാശാലയിലെ കോളജുകളിൽ സഫയർ ക്ലബ്ബുകൾ പ്രവർത്തനമാരംഭിക്കുന്നു. നാഷണൽ സർവീസ് സ്കീമിന്റെ മേഖലാ ഡയറക്ടറേറ്റ് വിഭാവനം ചെയ്ത സഫയർ(സ്റ്റുഡന്റ്സ് ആക്ഷൻ പ്രൊമോട്ടിംഗ് പോസിറ്റീവ് ആന്റ് ഹെൽത്തി ഇന്റർ ജനറേഷനൽ റിലേഷൻഷിപ്പ് വിത്ത് ദ എൽഡേർലി) പദ്ധതി ഈ മാസം അവസാനം സർവകലാശാലയ്ക്കു കീഴിലുള്ള 196 കോളജുകളിൽ ആരംഭിക്കും.

പരസ്പരം മനസിലാക്കിയും സഹായിച്ചും പ്രവർത്തിക്കുന്ന രണ്ടു തലമുറകളുടെ സേവനം സമൂഹത്തിന് ഗുണകരമാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം. മുതിർന്ന പൗരൻമാരുടെ ജീവിതത്തിന്റെ മൂന്നാം ഘട്ടം ആനന്ദകരമാക്കാൻ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ സർവകലാശാലാ യൂണിറ്റുമായി സഹകരിച്ചാണ് സഫയർ ക്ലബ്ബുകൾ രൂപീകരിക്കുന്നത്.

നാഷണൽ സർവീസ് സ്കീമിന്റെ ഓരോ യൂണിറ്റിലെയും പതിനഞ്ച് വോളണ്ടിയർമാരും അതത് യൂണിറ്റിന്റെ ദത്തു ഗ്രാമത്തിൽനിന്ന് തിരഞ്ഞെടുക്കുന്ന 15 മുതിർന്ന പൗരൻമാരും ഉൾപ്പെടെ 30 അംഗങ്ങളായിരിക്കും ഓരോ സഫയർ ക്ലബ്ബിലും ഉണ്ടാവുക. അടുത്ത് ഇടപഴകുന്നതും പരസ്പരം മനസിലാക്കുന്നതും രണ്ടു തലമുറകൾക്കും ഗുണകരമാകുമെന്ന് നാഷണൽ സർവീസ് സ്കീമിന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ. എൻ. ശിവദാസൻ പറഞ്ഞു.

സർവകലാശാലയിൽ നടന്ന ആലോചനാ യോഗത്തിൽ എൻഎസ്എസ് മേഖലാ ഡയറക്ടർ പി. എൻ. സന്തോഷ് അധ്യക്ഷത വഹിച്ചു. പദ്ധതിയുടെ നൂറു ദിന കർമ്മപരിപാടിക്ക് യോഗം അംഗീകാരം നൽകി. ഡോ. ഇ. എൻ. ശിവദാസൻ, യു3എ ഡയറക്ടർ ഡോ. ടോണി കെ. തോമസ്, പ്രഫ. കെ. സാബുകുട്ടൻ, ഡോ. സി. തോമസ് എബ്രഹാം, ജോർജ് കുളങ്ങര, ഡോ. നാരായണൻ നമ്പൂതിരി, പ്രഫ. പി. ജി. ഫിലിപ്പ്, ഡോ. ജോജി മാത്യു, പ്രഫ. ജോബി ജോസഫ്, സിസ്റ്റർ എം.പി. ബിജി, ഫാ. എൽദോസ് കെ. ജോയ്, ജി. രാജശ്രീ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/468/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എംഎസ്സി ബോട്ടണി, കെമിസ്ട്രി(2017, 2018 അഡ്മിഷനുകൾ സപ്ലമെന്ററി, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഓഗസ്റ്റ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ജൂൺ 29 വരെ ഓൺലൈനിൽ സമർപ്പിക്കാം.
.................
അഫിലിയേറ്റഡ് കോളജുകളിലെ ഇന്റഗ്രേറ്റഡ് എംഎ, എംഎസ്സി പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്റർ(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും ഒക്ടോബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ജൂൺ 27 വരെ ഓൺലൈനിൽ സമർപ്പിക്കാം.
..............
രണ്ടാം സെമസ്റ്റർ എംഎസ്സി ബയോ ഇൻഫർമാറ്റിക്സ് പിജിസിഎസ്എസ്(സപ്ലിമെന്ററി മെഴ്സി ചാൻസ് ഓഗസ്റ്റ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ജൂൺ 28 വരെ ഓൺലൈനിൽ സമർപ്പിക്കാം.
(പി.ആർ.ഒ/39/469/2024)

## സ്പെഷ്യൽ ടീച്ചർ; വാക്-ഇൻ-ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷൽ റീഹാബിലിറ്റേഷൻ സെൻററിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലികമായി സ്പെഷ്യൽ ടീച്ചർ നിയമനത്തിനുള്ള വാക്-ഇൻ-ഇൻറർവ്യൂ ജൂൺ 19ന് രാവിലെ 10.30ന് നടക്കും. സ്പെഷ്യൽ എജ്യുക്കേഷനിൽ ബി.എഡ് യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. യോഗ്യതാ രേഖകളുടെ അസ്സൽ ഹാജരാക്കണം.
(പി.ആർ.ഒ/39/470/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**